# ദീനിന്റെ ആന്തരതത്ത്വങ്ങൾ അറിയുക

സി.എം റഫീഖ് കോക്കൂർ

عَن مُعَاوية رَضِي اللَّهُ عَنهُ قَالَ: سَمِعْتُ رَسُولَ اللَّه ﷺ يَقُول : مَنْ يُرِدِ الله بِه خَيْرًا يُفَقِّهْهُ فِي الدينِ ، وَإِنَّمَا انَا قَاسِمٌ وَالله عَزَّوَجَلَّ يُعْطِي ، وَلَنْ تَزَالَ هَذِهِ الأَمَّة قَائِمَةً عَلَى أَمْرِ الله لاَ يَضُرُّهُمْ مَنْ خَالَفَهُمْ حَتَّى يَأْتِيَ اَمْرُ الله

**മുആവിയ(റ)യിൽനിന്ന് നിവേദനം: അദ്ദേഹം പറയുന്നു: നബി(സ) ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. "അല്ലാഹു ആർക്കെങ്കിലും നന്മ ഉദ്ദേശിച്ചാൽ മതത്തിന്റെ ആന്തരതത്ത്വങ്ങൾ അവനെ ഗ്രഹിപ്പിക്കും. ഞാനാവട്ടെ പങ്കിട്ട് കൊടുക്കുന്നവൻ മാത്രമാണ്. യഥാർഥ ദാതാവ് അല്ലാഹുവാണ്. ഈ സമുദായം അല്ലാഹുവിന്റെ ആജ്ഞകളിൽ ഉറച്ചു നിൽക്കും. അവർക്ക് ഒരു ദോഷവും വരുത്താൻ അവരുടെ ശത്രുക്കൾക്ക് കഴിയുകയില്ല. അല്ലാഹുവിന്റെ കൽപന വന്നെത്തും വരെ ആ നില തുടർന്ന് പോകും."** (ബുഖാരി)

**മൂന്ന്** സുപ്രധാന തത്ത്വങ്ങളുൾക്കൊള്ളുന്ന ഹദീസാണിത്. ദീനിനെക്കുറിച്ച ബാഹ്യമാത്രമായ അറിവും, അതനുസരിച്ചുള്ള പ്രവർത്തനവും കൊണ്ട് മാത്രം ജീവിതത്തിൽ വിജയം വരിക്കുക സാധ്യമല്ല. ആന്തരതത്ത്വങ്ങൾ മനസ്സിലാക്കി അതനുസരിച്ച് ജീവിക്കാൻ സാധിക്കണം. ഇതാകട്ടെ അല്ലാഹുവിന്റെ സവിശേഷമായ അനുഗ്രഹമാണ്. പല തരത്തിലുള്ള നന്മകളും അല്ലാഹു മനുഷ്യന് നൽകുന്നുണ്ടെങ്കിലും അവയിലേറ്റവും ശ്രേഷ്ഠമായത് ഇതത്രെ. ആന്തരാർഥം മനസ്സിലാക്കുക, സന്ദർഭത്തിനും സാഹചര്യങ്ങൾക്കുമനുസരിച്ച് ദീനുൾക്കൊണ്ട് പ്രബോധനം ചെയ്യുക തുടങ്ങിയ കാര്യങ്ങൾക്ക് 'ഹിക്മത്ത്' എന്ന പദം പ്രയോഗിച്ചുകൊണ്ട് പരിശുദ്ധ ഖുർആൻ വിശദീകരിച്ചിട്ടുണ്ട്. (ആർക്കെങ്കിലും ഹിക്മത്ത് നൽകപ്പെട്ടാൽ അവന് വലിയ നന്മയാണ് നൽകപ്പെട്ടിരിക്കുന്നത്).

അതിനാൽ ഈ അനുഗ്രഹം ലഭിക്കുന്നവരിലുൾപ്പെടാൻ ആത്മാർഥമായി ആഗ്രഹിക്കുകയും അതിനായി നിരന്തരം പ്രാർഥിക്കുകയും വേണം. (നാഥാ, എനിക്ക് നീ വിജ്ഞാനവും ഹിക്മത്തും നൽകേണമേ) തുടങ്ങി സുന്നത്തിൽ സ്ഥിരപ്പെട്ടിട്ടുള്ള ധാരാളം പ്രാർഥനകൾ മാതൃകയാക്കാവുന്നതാണ്.

അല്ലാഹുവിന്റെ നിയമം നടപ്പിൽ വരുത്തുക എന്നതാണ് പ്രവാചകന്റെ ചുമതല. സ്വയം നിയമം നിർമിച്ച് നടപ്പിൽ വരുത്താനോ, സ്വതന്ത്രമായി ഒരു കാര്യം വേണമെന്നോ വേണ്ടെന്നോ വെക്കാനോ പ്രവാചകന് അധികാരമില്ല. അല്ലാഹു നിശ്ചയിച്ച വിധം ധനവും മറ്റും പങ്കിട്ട് കൊടുക്കുക മാത്രമാണ് പ്രവാചകൻ ചെയ്യുക. അതിൽ കവിഞ്ഞ സ്ഥാനം അദ്ദേഹത്തിന് നൽകുന്നത് തെറ്റും കുറ്റവുമാണെന്നതാണ് ഹദീസ് നൽകുന്ന മറ്റൊരു പാഠം.

ശത്രുക്കളുടെ വിവിധ തരം ആക്രമണങ്ങളിൽനിന്ന് സമുദായത്തെ അല്ലാഹു കാത്തു രക്ഷിക്കുമെന്നുറപ്പുതരികയാണ് ഹദീസിൽ അവസാനമായി. ഇത് പക്ഷേ, വ്യക്തമായ ഒരുപാധിയോട് കൂടിയാണ്. മുസ്‌ലിം സമൂഹം അല്ലാഹുവിന്റെ കൽപനകളിൽ ഉറച്ചു നിൽക്കണമെന്നതാണത്. ഇതിന്റെ മറുവശം, കൽപന ലംഘിച്ചുകൊണ്ട് ജീവിക്കാൻ മുതിർന്നാൽ അവസ്ഥ മാറുമെന്നും അല്ലാഹുവിന്റെ സംരക്ഷണം നഷ്ടപ്പെടുമെന്നുമാണ്.

മുസ്‌ലിം ലോകം ആഗോളതലത്തിൽ തന്നെ നേരിട്ടുകൊണ്ടിരിക്കുന്ന വിവിധ പ്രതിസന്ധികളും പ്രയാസങ്ങളും ഈ പ്രവാചക വചനത്തിന്റെ പശ്ചാത്തലത്തിൽ കൂടി വീക്ഷിക്കുമ്പോൾ നിലവിലെ മുസ്‌ലിം സമൂഹത്തിന് സംഭവിച്ചിട്ടുള്ള വ്യതിചലനങ്ങൾ അവരനുഭവിക്കുന്ന പ്രതിസന്ധികൾക്ക് കാരണമാകുന്നില്ലേ എന്ന് കൂടി ചിന്തിക്കേണ്ടതാണ്. ■